(ഇ) സ്റ്റേറ്റ് ഹൈവേയുടെ നിലവാരത്തിലുള്ള വികസനം ലക്ഷ്യമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

തൃക്കരിപ്പൂർ-പയ്യന്നൂർ ബൈപാസ് നിർമ്മാണം

64 (733) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ-പയ്യന്നൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തൃക്കരിപ്പൂർ-പയ്യന്നൂർ ബൈപാസ് നിർമ്മാണവും കൗവ്വായിപ്പുഴയിലെ പാലം നിർമ്മാണവും സംബന്ധിച്ച് നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

തൃക്കരിപ്പൂർ ബൈപാസ് മേജർ ഡിസ്ട്രിക്ട് റോഡാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. പാലം നിർമ്മാണം സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടില്ല.

പടിഞ്ഞാറത്തറ പൂഴിത്തോട് റോഡിന്റെ നിർമ്മാണം

65 (739) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയെ കോഴിക്കോട് ജില്ലയുമായി ബന്ധിപ്പിക്കുന്ന പടിഞ്ഞാറത്തറ പൂഴിത്തോട് റോഡിന്റെ നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണം പൂർത്തിയാക്കാൻ ഗവൺമെന്റ് സത്വരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പെരുവണ്ണാമൂഴി പടിഞ്ഞാറത്തറ റോഡിന്റെ കിലോമീറ്റർ 0/0 മുതൽ 3/0 വരെയും 21/0 മുതൽ 27/225 വരെയുമുള്ള ഭാഗങ്ങൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. കിലോമീറ്റർ 3/0 മുതൽ 18/945 വരെയുള്ള ഭാഗം വനത്തിലൂടെ കടന്നുപോകുന്നതുകൊണ്ട് വനം വകുപ്പിന്റെ അനുമതിക്ക് വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

തകഴി പാലത്തിന്റെ പണി

66(745) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര പ്രാവശ്യം തകഴി പാലത്തിന് തറക്കല്ലിട്ടിട്ടുണ്ട്. ഈ പാലത്തിന് തറക്കല്ലിട്ട വിവിധ തീയതികൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly